താഴ്ഭാഗത്ത് അനധികൃത മിനിജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം, കേരളത്തിന്റെ അനുവാദം കൂടാതെ കോണ്ടൂർ കനാലിൽ അറ്റകുറ്റപ്പണി നടത്തുക, കേരള ഷോളയാറിലെ ജലനിരപ്പ് നിശ്ചിത തീയതികളിൽ നിശ്ചിത ലെവലിൽ നിലനിറുത്താതിരിക്കുക എന്നിവയും കരാർ വ്യവസ്ഥകളുടെ ലംഘനമാണെന്ന് നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാട്ടിയത് തമിഴ്നാടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

(എഫ്) കമ്മിറ്റി ചൂണ്ടിക്കാട്ടിയ കാര്യങ്ങളൊന്നുംതന്നെ കരാർ ലംഘനമല്ലെന്ന വാദമാണ് തമിഴ്നാട് പൊതുവേ സ്വീകരിച്ചിട്ടുള്ളത്.

പറമ്പിക്കുളം-ആളിയാർ കരാർ

*2 [T158] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ വി. ചെന്താമരാക്ഷൻ:
„ എ. കെ. ബാലൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ ആദ്യകരാർ നിലവിൽ വന്നത് ഏത് തീയതിയിലാണ്; കരാറിൽ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് ഒപ്പുവച്ചിട്ടുള്ളത് ആരൊക്കെയാണ്;

(ബി) കരാറിൽ എത്ര വർഷത്തെ മുൻകാല പ്രബല്യം നൽകിയിട്ടുണ്ടായിരുന്നു;

(സി) എത്ര വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യണമെന്നായിരുന്നു വ്യവസ്ഥ; പുനരവലോകനം ചെയ്യുന്നതിന് തമിഴ്നാട് യഥാസമയം തയ്യാറായിട്ടുണ്ടോ;

(ഡി) കരാറിലെ ഏതെങ്കിലും വ്യവസ്ഥ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ഹാനികരമായിട്ടുണ്ടെന്ന് ഇപ്പോൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പുനരവലോകന ഘട്ടത്തിൽ കരാറുമായി ബന്ധപ്പെട്ട എന്തെല്ലാം സംഗതികളിൽ ഇനിയും വ്യക്തത ഉണ്ടാക്കേണ്ടതായിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നു എന്നു വിശദമാക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) 9-11-1958-ലാണ് പറമ്പിക്കുളം-ആളിയാർ കരാർ നിലവിൽ വന്നത്. ടി കരാർ മുൻകാല പ്രാബല്യത്തോടുകൂടി 29-5-1970-ലാണ് ഒപ്പുവച്ചത്. കരാറിൽ തമിഴ്നാടിനെ പ്രതിനിധീകരിച്ച് അന്നത്തെ തമിഴ്നാട് പൊതുമരാമത്ത് സെക്രട്ടറി ശ്രീ. കെ. എസ്. ശിവസുബ്രഹ്മണ്യനും കേരളത്തെ പ്രതിനിധീകരിച്ച് ജലവും ഊർജ്ജവും വകുപ്പു സെക്രട്ടറി ശ്രീ. കെ. പി. വിശ്വനാഥൻ നായരുമാണ് ഒപ്പുവച്ചിട്ടുള്ളത്.

(ബി) 29-5-1970-ൽ തമിഴ്നാടും കേരളവും തമ്മിൽ ഒപ്പുവച്ച കരാറിന് 9-11-1958 മുതൽ 12 വർഷത്തെ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

---

*'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് 1988-ൽ പുനരവലോകനം ചെയ്യേണ്ടിയിരുന്ന കരാറിന്റെ പുനരവലോകന ചർച്ചകൾ ഇരു സംസ്ഥാനങ്ങളും 1988-ൽ ആരംഭിച്ചു. കരാർ പുനരവലോകനം ചെയ്യുന്നതിന് തമിഴ്നാട് യഥാസമയം തയ്യാറായിട്ടുണ്ട്. പക്ഷേ, വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ അഭിപ്രായ സമന്വയം ഉണ്ടായിട്ടില്ല.

(ഡി) കരാറിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ഹാനികരമായിട്ടുണ്ട്. നിലവിലുള്ള പറമ്പിക്കുളം-ആളിയാർ കരാറിൽ ലോവർ നീരാർ ഡാമിന്റേയും പറമ്പിക്കുളം പെരുവാരിപ്പള്ളം തുണക്കടവ് ഡാമിന്റേയും വൃഷ്ടിപ്രദേശത്തുള്ള ജലവും ഒരുമിച്ച് കണക്കാക്കി 16.5 ടി.എം.സി.-യിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപ്പുഴയിലേക്കും വിടേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ പറമ്പിക്കുളം ഗ്രൂപ്പു ഡാമുകളിൽ നിന്നുള്ള ശരാശരി വാർഷിക ജലലഭ്യത 10.135 ടി.എം.സി. മാത്രമാണെന്നാണ് കഴിഞ്ഞ 30 വർഷത്തെ ഗേജിംഗ് വ്യക്തമാക്കുന്നത്. അതിനാൽ കരാറിലെ 16.5 ടി.എം.സി. എന്ന കണക്ക് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ പെരിയാർ തടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള 4 മാസത്തേയ്ക്ക് മാത്രം കേരളത്തിലേക്ക് തുറന്നുവിടാൻ കരാർ വ്യവസ്ഥയുണ്ട്. കേരള ഗവൺമെന്റ് പെരിയാർ നദീതടത്തിൽ ഉദ്ദേശിച്ചിട്ടുള്ള ജലസംഭരണികൾ പ്രവർത്തിച്ചുതുടങ്ങുമ്പോൾ നീരാർ നദിയിലെ ജലം മുഴുവൻ തമിഴ്നാടിന് അവകാശപ്പെട്ടതാണെന്നും കരാർ വ്യവസ്ഥയുണ്ട്. പെരിയാർ ഓരുവെള്ള ഭീഷണിയും ജലദൗർലഭ്യവും നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ വ്യവസ്ഥയും കേരളത്തിന് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാന താൽപ്പര്യത്തിന് ഹാനികരമായ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും കരാർ ലംഘനം നടന്നാൽ അവയ്ക്ക് ന്യായമായ പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതിനും അവലോകന ചർച്ചകളിൽ ശ്രദ്ധിക്കുന്നുണ്ട്. മുഖ്യമന്ത്രിമാരുടെ തലത്തിലുള്ള ചർച്ചയ്ക്കുശേഷമേ വിവാദവിഷയങ്ങളിൽ വ്യക്തമായ ധാരണ ഉണ്ടാവുകയുള്ളൂ.

ശ്രീമതി രാധാരാഘവൻ: പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുമ്പോൾ തമിഴ്നാടിനു നൽകുന്ന ജലത്തിനു പകരമായി കേരളത്തിന് എന്തുകിട്ടുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: തമിഴ്നാടിനു കൊടുക്കുന്ന ജലത്തിന് പകരം കേരളത്തിന് എന്ത് എന്നുള്ളതല്ല വിഷയം. ഈ കരാറിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളേയും സംബന്ധിച്ച് ഇരുസംസ്ഥാനങ്ങൾക്കുമുള്ള അഭിപ്രായങ്ങൾ കേട്ടതിനുശേഷം മൊത്തമുള്ള ജലത്തിന്റെ ലഭ്യത ഇരുസംസ്ഥാനങ്ങൾക്കുമായി വീതിച്ചുകിട്ടാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീമതി രാധാരാഘവൻ: ഇപ്പോഴുള്ള കരാറനുസരിച്ച് തമിഴ്നാടിനാണോ കേരളത്തിനാണോ കൂടുതൽ ജലം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നീരാറിൽ നിന്ന് 1.4 ടി.എം.സി. ജലം നാലുമാസത്തേയ്ക്ക് കേരളത്തിന് ലഭിക്കുന്നുണ്ട്. ആനമലയാറിൽനിന്ന് നമുക്ക് ഇപ്പോൾ 2.5 ടി.എം.സി. ജലം കിട്ടുന്നുണ്ട്. ഇടമലയാർ പ്രോജക്ട് കംപ്ലീറ്റാകുമ്പോൾ 2.5 ടി.എം.സി. ജലം തമിഴ്നാടിന്

LIBRARY ARCHIVES Kerala Legislative Assembly

നൽകേണ്ടിവരും. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും 16.5 ടി.എം.സി.-ക്ക് മുകളിൽ വെള്ളം വന്നാൽ 2.5 ടി.എം.സി. നമുക്ക് ലഭിക്കും. ഇതുവരെ ആ തോത് കിട്ടാത്തതുകൊണ്ട് അവിടെ നിന്ന് നമുക്ക് ജലം ലഭിച്ചിരുന്നില്ല. അതുപോലെ ആളിയാർ ഡാമിൽ നിന്ന് 7.25 ടി.എം.സി. ജലം ചിറ്റൂർ പുഴയ്ക്ക് കിട്ടേണ്ടതായിട്ടുണ്ട്. അതും കൃത്യമായ തോതിൽ നമുക്ക് കിട്ടുന്നില്ല. ഇപ്പോഴത്തെ സ്ഥിതി ഇതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: 1988-ൽ അതായത് 16 വർഷം മുമ്പ് പുതുക്കേണ്ടിയിരുന്ന, പുനരവലോകനം നടത്തേണ്ടിയിരുന്ന ആ കരാർ സംബന്ധിച്ച് 1988-നുശേഷം ഇപ്പോഴാണ് സജീവമായിട്ടുള്ള ചർച്ചകൾ അതിന്റെ പൂർണ്ണരൂപത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അരനൂറ്റാണ്ടിനുമുമ്പ് ഉണ്ടാക്കിയ ആ കരാറിൽ വൃഷ്ടി പ്രദേശത്തെ ജലനിരപ്പിന്റെ അളവ് 16.5 ടി.എം.സി. എന്ന് കണക്കാക്കിയിട്ടാണ് അധികമായി വരുന്ന 2.5 ടി.എം.സി. വെള്ളം പാലക്കാടിനും ബാക്കി ചാലക്കുടിക്കുമെന്നൊക്കെ നിശ്ചയിച്ചു വച്ചിരുന്നത്. വർഷങ്ങളായി 10.13 ടി.എം.സി. ജലമേ കിട്ടുന്നുള്ളൂ. ആ സ്ഥിതിക്ക് കരാർ ലംഘനം ഇല്ലെന്ന് തമിഴ്നാട് തർക്കിക്കുമ്പോൾ മറിച്ച് കരാർ ലംഘനമാണെന്ന് അവകാശപ്പെടുന്ന ഇക്കാര്യം 1988-നുശേഷം കേരള സർക്കാർ ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ? ഈ 16 വർഷങ്ങളിലായി തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം കരാർ ലംഘനം സംബന്ധിച്ച പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട കോടതി മുഖാന്തിരം പരിഹാരം കണ്ടെത്തുന്നതിന് സർക്കാർ ശ്രമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: 1988-ലാണ് ഈ കരാർ പുതുക്കുവാനുള്ള ചർച്ചകൾ ആരംഭിച്ചത്. അതിനുശേഷം ഏഴ് തവണ മന്ത്രിതല ചർച്ചകൾ നടന്നിട്ടുണ്ട്. അഞ്ച് തവണ ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടന്നിട്ടുണ്ട്. അതിനിടയിൽ മറ്റ് രേഖകൾ സംബന്ധിച്ച ആലോചനകളും സപ്ലിമെന്ററി ഡിമാന്റ് കൈമാറുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ 16.5 ടി.എം.സി. ജലത്തിൽ കൂടുതൽ ഉണ്ടെങ്കിൽ 2.5 ടി.എം.സി. ജലം ചിറ്റൂർ പുഴയ്ക്ക് നൽകുവാനും അതിൽ കൂടുതൽ ഉണ്ടെങ്കിൽ ചാലക്കുടി ബേസിനിലേക്ക് കൊടുക്കുവാനുമാണ് കരാറിൽ പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ 30 വർഷമായിട്ട് പറമ്പിക്കുളം ഗ്രൂപ്പിൽ ശരാശരി 10.135 ടി.എം.സി. ജലമാണ് ലഭിച്ചിട്ടുള്ളത്. 16.5 ടി.എം.സി. ജലത്തിൽ 2.5 ടി.എം.സി. ജലം നീരാറിൽ നിന്ന് വരുന്നതുകൂടെയുണ്ട്. ഇപ്പോൾ നമ്മൾ ആവശ്യപ്പെട്ടിരിക്കുന്നത് നീരാറിൽനിന്നുള്ള 2.5 ടി.എം.സി. ജലം കഴിച്ചാൽ ബാക്കിവരുന്ന 14 ടി.എം.സി.-യും നമുക്ക് ലഭിക്കേണ്ട 2.5 ടി.എം.സി.-യും, ആ റേഷ്യോയിൽ വെള്ളം വീതിച്ചുകിട്ടണമെന്നാണ്. പറമ്പിക്കുളം ഗ്രൂപ്പിൽ നിന്ന് പഴയ കരാർ അനുസരിച്ച് 8 ടി.എം.സി. ജലമേ തമിഴ്നാടിന് അർഹതയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി നമുക്ക് തരണം. ഇത് ബൈലാറ്ററൽ എഗ്രിമെന്റ് ആയതുകൊണ്ട് ആ എഗ്രിമെന്റ് പുനരവലോകനം ചെയ്യുന്ന കാര്യം പൂർണ്ണരൂപത്തിൽ എത്തിക്കഴിഞ്ഞ് കരാർ പുതുക്കാൻ കഴിയില്ലെങ്കിൽ മാത്രമേ നിയമനടപടികൾ എടുക്കേണ്ടതിനെപ്പറ്റി ആലോചിക്കേണ്ടതുള്ളൂ. ഇപ്പോൾ ആ ഒരു ഘട്ടത്തിലല്ല നിൽക്കുന്നത്; അതുകൊണ്ട് കോടതിയിൽ പോയിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഈ ജലത്തെ ആശ്രയിച്ച് പ്രവർത്തിപ്പിക്കേണ്ട പെരിങ്ങൽക്കുത്തിലെ ജലവൈദ്യുത പദ്ധതിയും, ആ പദ്ധതിയുടെ സേവനത്തിന്റെ ഫലമായി കിട്ടേണ്ട ഇടമലയാർ പ്രോജക്ട് ഏരിയായിലെ കാർഷിക പ്രവർത്തനങ്ങളുമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

സ്തംഭിച്ചു കിടക്കുകയാണ്. 48 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ട പൊരിങ്ങൽക്കുത്തിൽ നാമമാത്രമായ വൈദ്യുതിയേ ഉൽപ്പാദിപ്പിക്കാൻ പറ്റുന്നുള്ളൂ. ചാലക്കുടി വരണ്ട് ഉണങ്ങുകയാണ്. ആ നിലയ്ക്ക്, നിയമസഭാ കമ്മിറ്റി ഏറെ പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നതൊക്കെ കരാർ ലംഘനമാണ് എന്ന് സമ്മതിക്കുവാൻ തമിഴ്നാട് കൂട്ടാക്കാത്ത സാഹചര്യത്തിൽ വിദഗ്ദ്ധരുടെ സഹായംകൂടി പ്രയോജനപ്പെടുത്തി ചാലക്കുടി പുഴ സംരക്ഷണ സമിതിയെക്കൂടെ ചർച്ചയ്ക്ക് വിളിച്ച് അവരുടെ അഭിപ്രായം കൂടി ക്രോഡീകരിച്ചുകൊണ്ട് ഫലപ്രദമായ രീതിയിൽ നീങ്ങാൻ തക്കവിധത്തിൽ ഒരു സംവിധാനമുണ്ടാക്കി ചാലക്കുടിയെ ഈ വരൾച്ചയിൽനിന്ന് രക്ഷിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ എല്ലാ കാര്യങ്ങളും ഉൾപ്പെട്ടിട്ടില്ല എന്ന് തോന്നുന്നു. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ കരാർ പ്രകാരം 16.5 ടി.എം.സി. ക്ക് മുകളിൽ വരുന്ന വെള്ളം, 2.5 ടി.എം.സി. ജലം ചിറ്റൂർ പുഴയ്ക്കാണ് കിട്ടേണ്ടത്. അതിന് മുകളിൽ വരുന്നതേ ചാലക്കുടി ബേസിനിലേക്ക് വരുന്നുള്ളൂ. കാര്യങ്ങൾ മനസ്സിലാക്കാതെ സംസാരിച്ചിട്ട് പ്രയോജനമുണ്ടോ? ചാലക്കുടി ബേസിനിലേക്ക് വരുന്ന വെള്ളം ഷോളയാർ ഡാമിൽ പവർ ജനറേറ്റ് ചെയ്തതിനുശേഷം അവിടെ കിട്ടുന്നത് 12.3 ടി.എം.സി. വെള്ളമാണ്. അതിനിടയിലാണ് പൊരിങ്ങൽക്കുത്ത് പവർ ഹൗസും മറ്റും സ്ഥിതിചെയ്യുന്നത്. 12.3 ടി.എം.സി. വെള്ളം കൃത്യമായി കിട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനുവേണ്ടി സെപ്റ്റംബർ മാസം ഒന്നാം തീയതിയും ഫെബ്രുവരി മാസം ഒന്നാം തീയതിയും കേരള ഷോളയാർ ഡാമിൽ ഫുൾ റിസർവോയർ ലെവൽ മെയിന്റയിൻ ചെയ്യണമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. അവർ ആ കരാർ പൂർണ്ണമായി പാലിക്കുന്നില്ല. ഗവൺമെന്റ് നിർബന്ധമായി ഇൻസിസ്റ്റ് ചെയ്തിട്ടുണ്ട്., കേരള ഷോളയാർ പവർ ഹൗസിന്റെ ഡാമിൽ ഫുൾ റിസർവോയർ ലെവലിൽ വെള്ളം കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മാത്രമേ 12.3 ടി.എം.സി. വെള്ളം ചാലക്കുടി ബേസിനിലേക്ക് കൊടുക്കുവാൻ കഴിയൂ. അത് കൊടുക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ കരാർ അനുസരിച്ച് നമുക്ക് കിട്ടേണ്ട വെള്ളം കൃത്യമായി കിട്ടാത്ത സ്ഥിതി വിശേഷം ഇപ്പോഴുണ്ട്.

ശ്രീ. ലൂഡി ലൂയിസ്: സർ, പറമ്പിക്കുളം-ആളിയാർ പ്രോജക്ടിലെ ജലത്തിന്റെ അളവ് തിട്ടപ്പെടുത്താനും അത് തമിഴ്നാടുമായി താരതമ്യപ്പെടുത്താനുമൊക്കെ ഒരു ഓവർസിയറേയും മറ്റ് ഉദ്യോഗസ്ഥരെയും അവിടെ നിയമിച്ചിട്ടുണ്ട്. അവർ കണക്കുകൾ യഥാസമയം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: കൃത്യമായി അറിയിക്കാറുണ്ട്. ഇതിന് ഒരു ഡിവിഷനും രണ്ട് സബ്ഡിവിഷനുകളുമുണ്ട്. ഏഴ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ ആസ്ഥാനം പാലക്കാടാണ്. അവിടെ ഇതിന്റെ കാര്യങ്ങൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ട്. കണക്കുകൾ രണ്ടാഴ്ച കൂടുമ്പോൾ കൃത്യമായി ഗവൺമെന്റിനെ അറിയിക്കുവാനുള്ള നടപടികളുണ്ട്; അറിയിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ലൂഡി ലൂയിസ്: പറമ്പിക്കുളം-ആളിയാർ കരാറിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാന സർക്കാരിന് അനുകൂലമാക്കിതീർക്കുന്ന രീതിയിലുള്ള തീരുമാനങ്ങൾ എടുക്കുവാൻ അന്തർസംസ്ഥാന നദീജല കരാറുകളിൽ അവഗാഹം സിദ്ധിച്ചിട്ടുള്ള നിയമവിദഗ്ദ്ധരുടെയോ സാങ്കേതിക വിദഗ്ദ്ധരുടെയോ വിദഗ്ദ്ധോപദേശങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: നിയമവിദഗ്ദ്ധരുടെ ഉപദേശമൊന്നും ഈ സ്റ്റേജിൽ ഇതിന് ആവശ്യമില്ല. കാരണം തമിഴ്നാടും കേരളവും തമ്മിൽ 1970-ൽ ഒപ്പ് വച്ച കരാറാണ്. അതിന് 1958 മുതൽ പൂർവ്വകാല പ്രാബല്യം കൊടുത്തു. ആ കരാറിൽ പറഞ്ഞത് മുപ്പത് വർഷത്തിലൊരിക്കൽ ഇത് പുനരവലോകനം ചെയ്യാമെന്നാണ്. ആ പുനരവലോകന ചർച്ച 1958-ൽ തുടങ്ങി. 2004 ആയിട്ടും അവസാന രൂപത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. കരാർ ഒപ്പ് വച്ചപ്പോൾ അന്നത്തെ ഡേറ്റാസിന്റെ അടിസ്ഥാനത്തിലാണ് വെള്ളം പങ്ക് വയ്ക്കുവാൻ തീരുമാനിച്ചത്. മുന്ന് ബേസിനിലെ വെള്ളം പങ്കുവയ്ക്കുന്നതാണ് ഈ കരാർ. അന്നത്തെ വെള്ളത്തിന്റെ തോത് അല്ല ഇപ്പോഴുള്ളത്; വ്യത്യാസം വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എങ്ങനെ ഇതിൽ മാറ്റം വരുത്തണം, നമുക്ക് എത്ര വെള്ളം കൂടി കൂടുതൽ കിട്ടണം എന്നുള്ള കാര്യങ്ങൾ ചർച്ചയിൽ ഉന്നയിച്ചിട്ടുണ്ട്. ചർച്ച പുരോഗതിയിലാണ്. ചർച്ചയുടെ അവസാന രൂപമെന്ന് പറയുന്നത്, മുഖ്യമന്ത്രി തലത്തിലുള്ള ചർച്ചയാണ്. ആ ചർച്ചകൾ നടന്നെങ്കിൽ മാത്രമേ ഇത് പുനരവലോകനം ചെയ്ത് അവസാനമായി ഒപ്പ് വയ്ക്കുവാൻ കഴിയൂ. അങ്ങനെ ഒരു സാഹചര്യം വരുന്നില്ലെങ്കിൽ മാത്രമേ നിയമ നടപടികൾ സംബന്ധിച്ച് ആലോചിക്കേണ്ടതുള്ളൂ.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഈ കരാർ സംബന്ധിച്ച് വെള്ളം തരേണ്ട തിരുമൂർത്തി ഡാം നിറയുമെന്ന് പറഞ്ഞ് തമിഴ്നാട് പരസ്യം കൊടുക്കുകയാണ്. കോണ്ടൂർ കനാൽവഴി ആളിയാറിലേക്ക് വരുന്ന വെള്ളം തുരങ്കം ഉണ്ടാക്കി തമിഴ്നാട് ഗവൺമെന്റ് അങ്ങോട്ടു കൊണ്ടുപോകുന്നു. പറമ്പിക്കുളത്ത് എട്ട് കിലോമീറ്റർ തുരങ്കം ഉണ്ടാക്കി തിരിക്കുന്നു. ഈ കരാർ പുതുക്കുന്ന സമയത്ത് തമിഴ്നാട് കരാർ ലംഘനം നടത്തുന്നപക്ഷം പറമ്പിക്കുളത്ത് ഇത് അടയ്ക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പറമ്പിക്കുളത്തും തുണക്കടവിലും പെരിവാരിപ്പള്ളത്തും ഓരോ ഡാമുകളുണ്ട്. ഈ മുന്ന് ഡാമും സ്ഥിതി ചെയ്യുന്നത് കേരളത്തിന്റെ ടെറിട്ടറിയലിലാണ്. മുന്ന് ആറുകളിലാണ് ഈ മുന്ന് ഡാമും കെട്ടിയിരിക്കുന്നത്. അതിൽ വരുന്ന ടോട്ടൽ കാച്ച്മെന്റ് അപ്പർ നീരാറിൽ നിന്ന് വരുന്ന വെള്ളവും കൂടി കൂട്ടിയാണ് 16.5 ടി.എം.സി. ജലം കണക്കാക്കിയിരിക്കുന്നത്. അതിന്റെ ആവറേജ് എടുത്തിട്ടുണ്ട്. അവിടെ തുരങ്കത്തിന്റെ പ്രശ്നം വരുന്നില്ല. തുരങ്കം ആരും നിർമ്മിച്ചിട്ടില്ല. കോണ്ടൂർ കനാൽ നിയമസഭാ കമ്മിറ്റി തന്നെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പവർ ഹൗസിൽ നിന്ന് തിരുമൂർത്തി ഡാമിലേക്ക് ഡയറക്ടായിട്ടാണ് കോണ്ടൂർ കനാൽ പോകുന്നത്. കോണ്ടൂർ കനാലിന്റെ ലൈനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കേരളം അറിയാതെ നടത്തിയതിനെക്കുറിച്ചുള്ള എതിർപ്പ് തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കോണ്ടൂർ കനാൽ തിരുമൂർത്തി ഡാമിലേക്ക് വെള്ളം പോകാൻ വേണ്ടിയുള്ളതാണ്. അതിൽ തുരങ്കം പണിതതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി. പി. മുഹമ്മദ്: പറമ്പിക്കുളം-ആളിയാർ കരാർ അടക്കമുള്ള അന്തർസംസ്ഥാന നദീജല കരാർ സംബന്ധിച്ച് വളരെയധികം ദുരൂഹതകൾ നിലനിൽക്കുകയാണ്. ഈ കരാർ 1958-ൽ നവംബർ മാസം 9-ാം തീയതി തമിഴ്നാട്ടിലെ അന്നത്തെ മുഖ്യമന്ത്രി കാമരാജും അന്നത്തെ കേരളാ മുഖ്യമന്ത്രി ഇ.എം.എസ്സ്.-ഉം തമ്മിൽ ധാരണ ആയതാണ്. അന്നത്തെ അഡ്വൈസർ പി. റാവുവും ഇത് വേണ്ടെന്ന് പറഞ്ഞ് കത്ത് എഴുതിയതാണ്. അന്തർസംസ്ഥാന നദീജല കാര്യങ്ങളെ സംബന്ധിച്ച് വെള്ളം ലഭിക്കുന്നതിലേറെ രാഷ്ട്രീയയുദ്ധമാണ്. എല്ലാ അന്തർ-സംസ്ഥാന നദീജല കരാറുകളുടെയും തീരുമാനം തിരുവിതാംകൂർ ഗവൺമെന്റ് എടുത്തതു തൊട്ട് ഇന്നേവരെയുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ഒരു ധവളപത്രം പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: വൈറ്റ് പേപ്പർ ഈ ഘട്ടത്തിൽ ഇറക്കേണ്ട ആവശ്യമുണ്ടോ യെന്നത് ചിന്തിക്കേണ്ടതാണ്. പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച് 9-11-1958-ൽ ഇ.എം.എസ്സും.-ഉം കാമരാജും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. 4-7-1960-ൽ പട്ടംതാണുപിള്ളയും സുബ്രഹ്മണ്യവും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. 10-5-1989-ൽ ഇ.എം.എസ്സും ശ്രീ. കരുണാനിധിയും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെ ഫൈനലായിട്ടുള്ള ഒപ്പ് ഇടൽ നടന്നത് 29-5-1970-ൽ ആണ്. അന്ന് കേരള മുഖ്യമന്ത്രി ആയിരുന്നത് അച്യുതമേനോനാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പുനരവലോകന ചർച്ച നീട്ടിക്കൊണ്ടു പോകുന്നത് തമിഴ്നാടിന് അനുകൂലമാണ്. കാരണം ഇന്നുവരെയുള്ള കരാർ അവർക്ക് അനുകൂലവും നമുക്ക് ദോഷകരവുമാണ്. അതുകൊണ്ട് ചർച്ച വളരെ വേഗം അവസാനിപ്പിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. കഴിഞ്ഞ പത്തു-പതിനാറു കൊല്ലമായി നടന്നു വരുന്ന ചർച്ചയും അതിനവസാനമായുണ്ടാക്കിയ സംയുക്തരേഖ തന്നെയും കേരളത്തിന് ദോഷകരമായിട്ടാണ് എന്നാണ് പത്രങ്ങളിലൊക്കെ വാർത്ത വന്നത്. ഇതു വച്ചുകൊണ്ട് അടിയന്തിരമായി മുഖ്യമന്ത്രിതലത്തിൽ ഇടപെട്ട് പുനരവലോകന ചർച്ച നടത്തുകയും വളരെ വേഗം കരാർ ലഭിക്കാൻ ആവശ്യമായ മുൻകൈ കേരളാ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുകയും ചെയ്യേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് നടക്കുന്ന ചർച്ചകളെക്കുറിച്ച് വരുന്ന വാർത്തകൾ വളരെ ദുഃഖകരമെന്ന് പറയട്ടെ, യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. അവിടെ നടന്ന മന്ത്രിതല ചർച്ചയിൽ രണ്ടു തവണ ഞാനും ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണനും പങ്കെടുത്തിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്ന് തമിഴ്നാട് ജലസേചന വകുപ്പുമന്ത്രി ശ്രീ. പനീർശെൽവവും അവിടത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പൊന്നയ്യനും പങ്കെടുത്തിട്ടുണ്ട്. കൂടാതെ, നമ്മുടെ ചീഫ് സെക്രട്ടറിയും അവിടത്തെ ചീഫ് സെക്രട്ടറിയുമടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാർ മുഴുവനും പങ്കെടുത്തു. ചർച്ചയിൽ, ഈ കരാറിലുള്ള എല്ലാ ഷെഡ്യൂളുകളെ സംബന്ധിച്ചും പ്രത്യേകിച്ച് Schedule II—Sharing of Water -നെ സംബന്ധിച്ചും വളരെ വിശദമായി ചർച്ച നടത്തിയിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനല്ലാതെ വേറെയാരുടെയെങ്കിലും താൽപ്പര്യം സംരക്ഷിക്കാനായി ഞങ്ങൾക്ക് ആ ചർച്ചയിൽ പങ്കെടുക്കേണ്ട ആവശ്യമുണ്ടോ; കേരളത്തിന് കിട്ടേണ്ടത് കിട്ടണം. അത് കാര്യകാരണ സഹിതം അവരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ മുഴുവൻ കാര്യങ്ങളും മനസ്സിലാക്കിയതിനുശേഷം ഇന്നയിന്ന കാരണങ്ങളാൽ കേരളത്തിന് ഇത്ര ടി.എം.സി. വെള്ളം കൂടി കൂടുതലായി ഓരോ ഭാഗത്തും കിട്ടേണ്ടതായിട്ടുണ്ട് എന്നുള്ള കാര്യങ്ങൾ അവരോട് പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യങ്ങളെ ഹനിച്ചുകൊണ്ട് യാതൊരു ചർച്ചയും നടന്നിട്ടില്ല. ചർച്ചയിൽ നടന്നിരിക്കുന്ന മുഴുവൻ കാര്യങ്ങളും പുറത്ത് ചർച്ചയ്ക്ക് വിഷയമാക്കണമെന്നു പറഞ്ഞാൽ പിന്നെ എങ്ങനെയാണ് ചർച്ച ഫൈനലൈസ് ചെയ്യാൻ കഴിയുക? അതുകൊണ്ടാണ് അങ്ങനെയൊരു സ്റ്റാൻഡ് ഗവൺമെന്റ് എടുത്തത്. മുഖ്യമന്ത്രിതലത്തിൽ ആദ്യം ചർച്ച നടത്തിയാൽ ഇത് തീരുമോ? അതിനുമുമ്പ് മറ്റ് ചർച്ചകൾ പൂർത്തിയാക്കി മുഖ്യമന്ത്രിമാർ ഇതിന്റെ ഫൈനൽ സ്റ്റേജിൽ, ഫൈനൽ ടച്ചിന് മാത്രമുള്ള സമയത്തേ ആവശ്യമുള്ളൂ. ചർച്ചകൾ നടക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടെക്നിക്കൽ കമ്മിറ്റി വച്ചു, അവരുടെ റിപ്പോർട്ട് വന്നു, മൂന്നു പ്രാവശ്യം മന്ത്രിതല ചർച്ചകൾ നടന്നു. രണ്ടര വർഷത്തിനുള്ളിൽ മൂന്ന് ചർച്ചകൾ നടന്നു. ഉദ്യോഗസ്ഥതലത്തിലുള്ള നാലഞ്ചു ചർച്ചകൾ നടന്നു. വളരെ ശുഷ്കാന്തിയോടുകൂടി കരാർ പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഇടമലയാർ ജലസംഭരണിയിലേക്ക് ഒഴുകി എത്തേണ്ട പെരിയാറിന്റെ പോഷകനദികളിലെ വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചുവിട്ടാൽ പെരിയാറിന്റെ തീരപ്രദേശങ്ങളിലുള്ള 33 ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ കുടിവെള്ളത്തിനെ ഇത് പ്രതികൂലമായി ബാധിക്കുമെന്നും ഇടമലയാർ ജലവൈദ്യുത ഉൽപ്പാദനം നല്ലതുപോലെ കുറയുമെന്നുമുള്ള ഉൽക്കണ്ഠ ആ മേഖലയിലെ ജനങ്ങളെ സംബന്ധിച്ചും പൊതുവേ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചും ഉണ്ട്. ഇത് ഒഴിവാക്കത്തക്ക രീതിയിൽ ഒരു കരാറിലേക്ക് എത്തിച്ചേരാനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, നമ്മൾ 1970-ൽ ഒപ്പുവച്ച കരാറനുസരിച്ച് ഇടമലയാർ പ്രോജക്ട് പൂർത്തിയായിക്കഴിഞ്ഞാൽ ഇപ്പോൾ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന 2.5 ടി.എം.സി. വെള്ളം തമിഴ്നാടിന് കൊടുക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. തമിഴ്നാട് പറയുന്നത്, ഇടമലയാർ പ്രോജക്ട് എന്നു പറയുന്നത് പവർ പ്രോജക്ട് മാത്രമാണ് എന്നാണ്. നമ്മൾ എടുത്തിരിക്കുന്ന നിലപാടെന്നു പറയുന്നത് പവർ പ്രോജക്ട് മാത്രമല്ല, അതിനോടനുബന്ധമായി ഇറിഗേഷൻ പ്രോജക്ടുമുണ്ട്. ആ ഇറിഗേഷൻ പ്രോജക്ടുംകൂടി തീർന്നശേഷം മാത്രമേ 2.5 ടി.എം.സി. വെള്ളം അവർക്ക് കിട്ടേണ്ട കാര്യത്തെക്കുറിച്ച് നമുക്ക് എന്തെങ്കിലും നിലയിൽ തീരുമാനം എടുക്കാൻ കഴിയൂ എന്നാണ്. ഇടമലയാർ പ്രോജക്ട് തീർന്നാൽ 2.5 ടി.എം.സി. വെള്ളം അവർക്ക് കൊടുത്തുകൊള്ളാമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. അങ്ങനെ ആ കരാർ പുതുക്കുമ്പോൾ സപ്ലിമെന്ററി കരാർകൂടി വയ്ക്കാം. സപ്ലിമെന്ററി കരാർ വയ്ക്കുന്ന അവസരത്തിൽ പി.എ.പി. സിസ്റ്റത്തിൽ കേരളത്തിന് കുറച്ചുകൂടി ഹോൾഡ് വരത്തക്ക നിലയിലുള്ള ഒരു സ്ക്കീമിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഇടമലയാറിൽ തന്നെ ഇലക്ട്രിസിറ്റി ബോർഡ് വിഭാവന ചെയ്യുന്ന മറ്റൊരു പ്രോജക്ട് ഉണ്ട്. ഇതിന്റെ അനന്തരനടപടികളിലേക്ക് കടക്കുന്ന സമയത്ത് ഇരു സംസ്ഥാനങ്ങളും തമ്മിൽ ആശയവിനിമയം നടത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിരിക്കുന്നത്. കേരളം ഉദ്ദേശിക്കുന്നത് മണലി പ്രോജക്ട് തന്നെയാണ്. ഇടമലയാർ ഒഴുകി വരുന്ന ഒരു സ്ഥലത്ത് മണലിയാർ സന്ധിക്കുന്ന പ്രദേശത്ത് അപ്പർ ലെവലിലും ലോവർലെവലിലും രണ്ടു ചെറിയ ഡാമുകൾ നിർമ്മിച്ചുകൊണ്ട് പവർ ജനറേറ്റുചെയ്ത് ഇവിടെയുണ്ടാകുന്ന പവർ ലോസ് നമുക്ക് അവിടെ ലാഭകരമാക്കാനുള്ള ഒരു പ്രൊപ്പോസലാണ് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെയും ഗവൺമെന്റിന്റെയും പരിഗണനയിലുള്ളത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പറമ്പിക്കുളം-ആളിയാർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി ഇപ്പോൾ നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. അതിൽ ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന താൽപ്പര്യവും ഇതിനെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനവും അഭിനന്ദനാർഹമാണ്. ഇപ്പോൾ ചിറ്റൂർ താലൂക്കിൽ മാസങ്ങളോളം നീണ്ടു നിൽക്കുന്ന പ്രക്ഷോഭസമരം നടക്കുകയാണ്. 7.25 ടി.എം.സി. വെള്ളമാണ് കേരളത്തിന് കിട്ടേണ്ടത്. വെള്ളം കൃത്യമായി കിട്ടാത്തതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിൽ വിശേഷിച്ച് ചിറ്റൂർ താലൂക്കിൽ നെൽകൃഷിയാകെ ഉണങ്ങിപ്പോകുന്ന അവസ്ഥയാണുള്ളത്. കൃഷിക്കാർ അനിശ്ചിതകാലസമരം ആരംഭിച്ചിരിക്കുകയാണ്. ഈ അവസ്ഥയിൽ കേരളത്തിന് അർഹമായ വെള്ളം ലഭിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെള്ളം ലഭ്യമാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ആളിയാർ ഡാമിൽ നിന്നാണ് മണക്കടവ് വിയറിലേക്ക് വെള്ളം കിട്ടി, അവിടെ നിന്ന് നമ്മൾ അളന്ന് മൂലത്തറ റെഗുലേറ്ററിൽ കൊണ്ടുവന്നാണ് ചിറ്റൂർ പുഴ കനാൽ സിസ്റ്റത്തിലേക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. നമുക്ക് 7.25 ടി.എം.സി. വെള്ളം കിട്ടാൻ അർഹതപ്പെട്ടതാണ്. ഈ വർഷത്തെ രണ്ടാംവിളയെ സംബന്ധിച്ചിടത്തോളം ജനുവരി 4-ാം തീയതി തിരുവനന്തപുരത്ത് നടന്ന മന്ത്രിതല ചർച്ചയിൽ ഞങ്ങൾ ഈ പ്രശ്നം പ്രത്യേകമായി ഉന്നയിച്ചു. കരാർ പുതുക്കുന്നതുമായി ഇതിന് ഡയറക്ട് ബന്ധമില്ലെങ്കിലും വളരെ കാലികപ്രാധാന്യമുള്ള വിഷയം എന്നുള്ള നിലയിൽ ഞങ്ങൾ ഇക്കാര്യം ചർച്ച ചെയ്തു. ചിറ്റൂർ താലൂക്കിലേക്ക് രണ്ടാംവിള കൃഷി ചെയ്യാൻ ആവശ്യമുള്ള വെള്ളം ലഭ്യമാക്കണമെന്ന് നിർബന്ധമായി അവരോട് പറഞ്ഞിട്ടുണ്ട്. ആ കോൺഫറൻസിൽ വച്ചുതന്നെ രണ്ടു മന്ത്രിമാരും അവരുടെ ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തി. നമുക്ക് വെള്ളം തരാമെന്ന് പറഞ്ഞു. നിർഭാഗ്യകരമാണെന്നു പറയട്ടെ, അവർ നമ്മൾ ആവശ്യപ്പെട്ട അത്ര വെള്ളം തരുന്നില്ല. 500 ക്യൂസെക്സ് വെള്ളമെങ്കിലും പ്രതിദിനം കിട്ടിയെങ്കിൽ മാത്രമേ ചിറ്റൂർ ഭാഗത്തെ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അവിടെ കൃഷി നശിക്കാതിരിക്കാനും സാധിക്കുകയുള്ളൂ. ഇന്നു രാവിലെയും ഞാൻ അന്വേഷിച്ചു. ഇന്നലെ കിട്ടിയിരിക്കുന്നത് ഏകദേശം 100 ക്യൂസെക്സ് വെള്ളമാണ്. അതിനുമുമ്പ് 200 ആയിരുന്നു. 7.25 ടി.എം.സി. വെള്ളമെന്നു പറയുന്നത് ജൂലൈ ഒന്നാം തീയതി ആരംഭിച്ച് അടുത്ത വർഷം ജൂൺ അവസാനിക്കുന്ന ജലവർഷ പീരീഡിലാണ് നമുക്ക് കിട്ടേണ്ടത്. ഇതുവരെ നമുക്ക് കിട്ടിയത്, അവർ റിലീസ് ചെയ്തിരിക്കുന്നത്, 3.833 ടി.എം.സി. ആണ്. പക്ഷേ നമ്മൾ അംഗീകരിച്ചിരിക്കുന്നത് 2.118 ടി.എം.സി. ആണ്. എഗ്രിമെന്റനുസരിച്ച് നമുക്ക് കിട്ടേണ്ടത് ഇതുവരെ 5.6 ടി.എം.സി. ആണ്. നിലവിലുള്ള വർഷത്തെയാണ് പറയുന്നത്. അവിടെ ഷോർട്ടേജ് വന്നിട്ടുണ്ട്. ഈ ഷോർട്ടേജ് ചിറ്റൂരിൽ വലിയ പ്രശ്നമുണ്ടാക്കിയിരിക്കുകയാണ്. തമിഴ്നാട് മുഖ്യമന്ത്രിക്ക് നമ്മുടെ മുഖ്യമന്ത്രി ഫാക്സ് സന്ദേശം അയച്ചു. തമിഴ്നാട് മുഖ്യമന്ത്രിയുമായി നിരവധി പ്രാവശ്യം ഞാൻ ബന്ധപ്പെട്ടു, അവിടത്തെ ഉദ്യോഗസ്ഥന്മാരുമായി ഇവിടത്തെ ഉദ്യോഗസ്ഥന്മാരും ബന്ധപ്പെട്ടു. പക്ഷേ അവർ പറയുന്നു, ആളിയാർ ഡാമിൽ വെള്ളമില്ല. ഞങ്ങൾ ഇത്രയും വെള്ളം നിങ്ങൾക്ക് തന്ന് നിങ്ങളുടെ കൃഷിയുടെ കാര്യം മാത്രമായി നോക്കാൻ ബുദ്ധിമുട്ടുണ്ട്, അവർക്ക് വെള്ളമില്ലെന്നാണ് പറയുന്നത്. ഇന്നും ഇന്നലെയുമൊക്കെ ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് താൽപ്പര്യപൂർവ്വം അവിടത്തെ കൃഷിക്കാർക്കുവേണ്ടി സംസാരിച്ചിട്ടുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, തമിഴ്നാട് സർക്കാരിന്റെ ഉത്തരവാദപ്പെട്ട ആളുകളുടെ പുറകേ നടന്ന് നമുക്ക് വെള്ളം വേണമെന്നു പറഞ്ഞാൽ അവർ ഒരിക്കലും തരില്ല. അവരുടെ നേച്ചർ വച്ച് വെള്ളം അനുവദിക്കുകയില്ല. കേരളത്തിലെ പാലക്കാട് ജില്ലയിലെ ശിരുവാണി ഡാമിലെ വെള്ളം പൂർണ്ണമായി തമിഴ്നാടിനാണ് കുടിവെള്ളത്തിനായി കൊടുക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാമിലെ ഒരു കനാൽ മുഴുവൻ പൂർണ്ണമായി തമിഴ്നാട്ടിലേക്കാണ് കൊടുക്കുന്നത്. ഞാൻ പ്രകോപനപരമായി പറയുന്നതല്ല. രണ്ടു സംസ്ഥാനങ്ങൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാക്കണമെന്ന അർത്ഥത്തിലും അല്ല പറയുന്നത്. നമ്മൾ അന്വേഷിച്ചു വരുന്ന നിലയിലേക്കുള്ള ഒരു സമീപനം സ്വീകരിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് വെള്ളം ലഭ്യമാക്കുന്നതിന് കഴിയും. അത്തരമൊരു സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, നിയമസഭാ വേദിയിൽ വച്ച് അതിനെക്കുറിച്ച് കൃത്യമായ ഒരു മറുപടി പറയാൻ സാധ്യമല്ല. കാരണം ഇതിനകത്ത് ഒരുപാട് ഇഷ്യൂസ് ഉണ്ട്. എന്നോട് പ്രതിപക്ഷ നേതാവ് പല പ്രാവശ്യം ടെലിഫോണിൽ ഇക്കാര്യം സംസാരിച്ചതാണ്. അദ്ദേഹം മുഖ്യമന്ത്രിയുമായിട്ടും സംസാരിച്ചു. ചില ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. അതെന്തെന്ന് സഭാതലത്തിൽ വെളിപ്പെടുത്തുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ അതിനുതയ്യാറാകുന്നില്ല.

ശ്രീ. എ. കെ. ബാലൻ: സർ, 2003 ജനുവരി 30-ാം തീയതി ബഹുമാനപ്പെട്ട കെ. എ. ചന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് മറുപടി പറയുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എട്ടുപ്രാവശ്യം ഗവൺമെന്റുതല ചർച്ച നടത്തി, യാതൊരു പ്രയോജനവുമില്ല എന്നാണ്. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയവേ ഒരു കാര്യം സൂചിപ്പിച്ചു. മുഖ്യമന്ത്രി തലത്തിൽ ഒരു ചർച്ച ആവശ്യമാണെന്ന്. ആ ചർച്ചയാണ് യഥാർത്ഥത്തിൽ ആവശ്യം. ആ ചർച്ചകൊണ്ടും കഴിയുന്നില്ലെങ്കിൽ ഇവിടെയുള്ള 20 മന്ത്രിമാരും തമിഴ്നാട് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ ഒരു ദിവസം നിരാഹാരം കിടക്കുകയും ശേഷിക്കുന്ന 120 എം.എൽ.എ.-മാർ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഒരു ദിവസം അവിടെ നിന്നാൽ അഖില ലോക അടിസ്ഥാനത്തിലുള്ള പ്രചാരണം വരും; ശക്തമായ സമ്മർദ്ദം വരും. തമിഴ്നാട് ഗവൺമെന്റ് നിർബന്ധിക്കപ്പെടുകയും ചെയ്യും. ഇതൊന്ന് ഓർഡറിലാക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ കൂടി അവിടെ വന്നു കഴിഞ്ഞാൽ വളരെ ഉപകാരമായി. അല്ലാതെ കണക്കുകൊണ്ടോ ചർച്ച കൊണ്ടോ ദുർബലമായ സമ്മർദ്ദം കൊണ്ടോ ഒരിറ്റു വെള്ളം തമിഴ്നാട്ടിൽ നിന്ന് നമുക്ക് ലഭിക്കുകയില്ല. ശക്തമായ സമ്മർദ്ദം ഉണ്ടായാലേ ജയലളിതാ ഗവൺമെന്റിൽ നിന്ന് വെള്ളം കിട്ടൂ എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം കൊടുത്ത് എല്ലാ മന്ത്രിമാരും എം.എൽ.എ.-മാരും തമിഴ്നാട് സെക്രട്ടേറിയറ്റിനുമുമ്പിൽ ഒരു ദിവസം നിരാഹാരം നടത്താൻ തയ്യാറാകുമോ?

മി. സ്പീക്കർ: Question disallowed.

ശ്രീ. എ. കെ. ബാലൻ: സർ, തമിഴ്നാട് മുഖ്യമന്ത്രിയെ കാണാൻ ഇവിടെ നിന്ന് ഒരു All party delegation പോകുമോ?

ശ്രീ. ടി. എം. ജേക്കബ്: തമിഴ്നാട് മുഖ്യമന്ത്രിയെ കാണുന്നതിനെന്തിനാണ് ഇവിടെ നിന്ന് ഒരു All party delegation പോകേണ്ടത്? അവരുടെ ഔദാര്യമൊന്നും വേണ്ട. കേരളത്തിന് അവകാശപ്പെട്ടത് കിട്ടിയാൽ മതി. അവിടെ All party delegation പോകേണ്ട കാര്യമൊന്നുമില്ല. നമുക്ക് പറയാനുള്ള കാര്യങ്ങൾ അവരോട് പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ നടപ്പിലാക്കി കിട്ടാനുള്ള നടപടികൾ നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിന്റെ റൈറ്റാണ്. അവിടെ എന്തിനാണ് delegation പോകുന്നത്? ശ്രീമതി ജയലളിതയേക്കാൾ മോശമാണോ നമ്മുടെ മുഖ്യമന്ത്രി? അല്ലല്ലോ, കേരളത്തിന്റെ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യമുള്ള രൂപത്തിലൊക്കെ ബന്ധപ്പെട്ടിട്ടുണ്ട്. തീർച്ചയായും അവരത് റെസ്പോണ്ട് ചെയ്യേണ്ടതാണ്. ഇത് സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു കരാറിന്റെ പ്രശ്നമാണ്. ഇവിടെനിന്ന് delegation-ന്റെ ആവശ്യമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, ഈ കരാർ പുതുക്കേണ്ടത് 1988-ലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കഴിഞ്ഞ 18 വർഷമായിട്ടും ഈ കരാർ പുതുക്കി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇടക്കാലത്ത് ഇപ്പോഴത്തെ ജലസേചന വകുപ്പുമന്ത്രി ചെയർമാനായ ഒരു നിയമസഭാ കമ്മിറ്റി ഉണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിയമസഭാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള സംയുക്ത രേഖയിൽ നിന്ന് പല ഘടകങ്ങളും ഒഴിവാക്കപ്പെട്ടു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് ശരിയാണോ, അങ്ങനെയൊരവസ്ഥ ഉദ്യോഗസ്ഥതലത്തിൽ നിന്നോ മറ്റേതെങ്കിലും തരത്തിലോ ഈ കാര്യത്തിലുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അത് ചില മാധ്യമങ്ങളിൽ വന്ന ഒരു വാർത്തയാണ്; ശരിയല്ല. ഞാൻ എന്റെ മെയിൻ ആൻസറിൽ തന്നെ വായിച്ചു, നിയമസഭാ അഡ്ഹോക്ക് കമ്മിറ്റിയുടെ ചെയർമാൻ ഞാനായിരുന്നു, ഞങ്ങളന്ന് അതിനെക്കുറിച്ച് ഒരു പഠനം നടത്തി. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചില കരാർ ലംഘനങ്ങൾ കണ്ടെത്തുകയും ആ കാര്യങ്ങൾ സംബന്ധിച്ച് അന്നുതന്നെ അന്നത്തെ മുഖ്യമന്ത്രിയെക്കൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതി അറിയിക്കുകയും ചെയ്തു. അവർ അതിനെടുത്ത നിലപാട് ഞാൻ മറുപടിയായി ഇവിടെ പറഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റ്സ് കമ്മിറ്റി അതിനുശേഷം ഇതുസംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്. പിന്നെ സബ്ജക്ട് കമ്മിറ്റി നമ്പർ III ഇതുസംബന്ധിച്ച് ചില ശുപാർശകൾ വച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി ഫോം ചെയ്തു കഴിഞ്ഞ്, ആ കമ്മിറ്റിയിൽ രണ്ട് സ്റ്റേറ്റിലേയും മൂന്ന് ഉദ്യോഗസ്ഥർ വീതം പല പ്രാവശ്യം നടത്തിയ ചർച്ചയിൽ ഈ വിഷയങ്ങൾ മുഴുവൻ വന്നിട്ടുണ്ട്. ചർച്ച നടത്തിയതിനുശേഷം അതുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ടെക്നിക്കൽ കമ്മിറ്റി അവരുടെ റിപ്പോർട്ട് സബ്മിറ്റു ചെയ്തിരിക്കുന്നത്.

ശ്രീ. മത്തായി ചാക്കോ: സർ, തമിഴ്നാടിന്റെ, വിവിധ സംസ്ഥാനങ്ങളുമായുള്ള അവരുടെ നദീജലം സംബന്ധിച്ചുള്ള തർക്കം വളരെ പ്രസക്തമാണ്. കർണ്ണാടകയുമായുള്ള അവരുടെ കാവേരി നദീജലതർക്കം നിലനിൽക്കുന്നുണ്ട്. നദീജല തർക്കമുള്ള എല്ലാ സംസ്ഥാനങ്ങൾക്കും ഡൽഹി കേന്ദ്രീകരിച്ചുകൊണ്ട് ഇത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രത്യേക ഉദ്യോഗതല സംവിധാനമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിന്റെ ഒരു കേന്ദ്രം അവിടെയുണ്ടെന്നും അത് വളരെ ദുർബലമായിട്ടാണ്, ഒന്നോ, രണ്ടോ ഉദ്യോഗസ്ഥരോ എഞ്ചിനീയർമാരോ മാത്രമായിട്ടുള്ള കേന്ദ്രമായിട്ടാണ് പ്രവർത്തിക്കുന്നതെന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ശക്തിപ്പെടുത്താൻ ഇവിടെ മറുപടി പറഞ്ഞപ്പോൾ ഏതോ ഒരു ഡിവിഷൻ ഇതിനുവേണ്ടി പ്രത്യേകം ഉണ്ടെന്നെല്ലാം പറഞ്ഞു. പക്ഷേ യഥാർത്ഥത്തിൽ നമ്മുടെ അവകാശം പിടിച്ചുപറ്റുന്നതിന് കഴിയുന്ന വിധത്തിൽ കരുത്തുള്ള ഒരു ഉദ്യോഗസ്ഥ സംവിധാനം അവിടെയില്ല. അതിനുള്ള എന്തെങ്കിലും സംവിധാനമുണ്ടോ? പാലക്കാട് ജില്ലയിലെ കർഷകർ മാത്രം വളരെ സജീവമായി നിൽക്കുമ്പോൾ, ഈ കനാൽ തുറന്നുവിട്ട് ചിറ്റൂർ ഡാമിലേക്ക് വെള്ളം എത്തുന്നതിന് കരാർ പൂർത്തീകരിക്കുന്നതിനുമുമ്പുള്ള ഒരു ഇടക്കാല സംവിധാനം കൂടിയുണ്ടാക്കാൻ കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം രണ്ട് ചോദ്യങ്ങളാണ് ചോദിച്ചത്. ഡൽഹിയിലെ സംവിധാനത്തെ സംബന്ധിച്ചാണ് ആദ്യത്തെ ചോദ്യം. പറമ്പിക്കുളം-ആളിയാർ പ്രോജക്ടിന്റെ കാര്യങ്ങൾക്കുവേണ്ടി ഡൽഹിയിൽ ഇപ്പോൾ ഒരു സംവിധാനത്തിന്റെ ആവശ്യമില്ല.

ഡൽഹിയിൽ നമുക്കാവശ്യമുള്ളത് കാവേരി നദീജല തർക്കത്തെ സംബന്ധിച്ച് ട്രൈബ്യൂണലിൽ നടക്കുന്ന കേസിന്റെ കാര്യത്തിലാണ്. അത് നമ്മൾ ആരംഭകാലത്ത് അത്ര ശ്രദ്ധിച്ചിരുന്നില്ല. കാവേരി തർക്കത്തിൽ കേരളത്തിന് എന്ത് സ്ഥാനമെന്ന് ചോദിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്നത് മാറി 99.8 ടി.എം.സി. വെള്ളം നമുക്കർഹതപ്പെട്ട താണെന്ന് ട്രൈബ്യൂണൽ മുമ്പാകെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അതിനാവശ്യമായ എല്ലാ രേഖകളും വാദമുഖങ്ങളും സാക്ഷികളേയും ട്രൈബ്യൂണലിൽ ഹാജരാക്കി കേസ് വാദിച്ചിട്ടുണ്ട്. നേരത്തെ ഡൽഹിയിൽ അതിനുള്ള യാതൊരു സംവിധാനവുമില്ലായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ ഒരു സംവിധാനം അവിടെയുണ്ടാക്കുകയും അതിലൂ പരിയായി കാവേരി സെൽ പ്രത്യേകമായി ഗവൺമെന്റ് ഫോം ചെയ്യുകയും ചെയ്തത്. അതവിടെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; കേസിന്റെ നടത്തിപ്പിനായി പ്രത്യേക അഭിഭാഷകരെ അവിടെ നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. അത് ഗവൺമെന്റ് തലത്തിൽ തന്നെ മോണിറ്റർ ചെയ്യുന്നുണ്ട്. ഞങ്ങളത് പരിശോധിക്കുന്നുമുണ്ട്. ആ സംവിധാനം ഇപ്പോൾ നമുക്കവിടെ ആവശ്യമുണ്ട്. പി.എ.പി.-ക്ക് ഇപ്പോൾ ഈ സാഹചര്യത്തിൽ വേറൊരു മോണിട്ടറിംഗ് കമ്മിറ്റി ആവശ്യമില്ല. സംസ്ഥാനതലത്തിൽ സംസ്ഥാന ഗവൺമെന്റുതന്നെ അത് നോക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബാബു:</u> സർ, പറമ്പിക്കുളം-ആളിയാർ കരാറിൽ എത്ര ഷെഡ്യൂളു കളുണ്ട്. ഈ ഷെഡ്യൂൾ പുതുക്കാൻ വ്യവസ്ഥയുണ്ടോ? ഇവിടെ നമ്മുടെ നദീജല സമ്പത്ത് സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നു. ആ നിയമനിർമ്മാണത്തിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> രണ്ട് ചോദ്യങ്ങളാണ് അദ്ദേഹം ചോദിച്ചത്. പി.എ.പി. കരാറിൽ അഞ്ച് ഷെഡ്യൂളുകളാണുള്ളത്. അതിൽ ഷെഡ്യൂൾ നമ്പർ ഒന്നിൽ പറയുന്നത് നദികളെ സംബന്ധിച്ചും വർക്കുകളെ സംബന്ധിച്ചുമാണ്. രണ്ടാമത്തെ ഷെഡ്യൂൾ utilisation of waters ആണ്. അതിലാണ് പ്രധാനപ്പെട്ട sharing of waters ഒക്കെ വരുന്നത്. മൂന്നാമത്തെ ഷെഡ്യൂളിൽ financial terms-നെ സംബന്ധിച്ചാണ് പറയുന്നത്. നാലാമത്തെ ഷെഡ്യൂൾ miscellaneous ആണ്. അഞ്ചാമത്തേത് Joint Water Regulation Board-ന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കിയ നിയമം നിലവിൽ വന്നുകഴിഞ്ഞു. അതിനകത്ത് പറഞ്ഞിരിക്കുന്ന Dam Safety Authority-യുടെ റൂൾസ് ആയിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അത് വന്നുകഴിഞ്ഞാലുടൻ തന്നെ Dam Safety Authority-ക്കുകൂടി ഗവൺമെന്റ് രൂപം കൊടുക്കുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, അന്യസംസ്ഥാനങ്ങളുമായി നദീജല കരാറുണ്ടാക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് ഇതിനുമുമ്പുണ്ടാക്കിയ കരാർ ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്. തമിഴ്നാടുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥ അവർ തുടർച്ചയായി ലംഘിച്ചു എന്നുള്ളതാണ് നമ്മുടെ പ്രധാനപ്പെട്ട ഒരു കേസ്. ഇപ്പോൾ കരാർ പുനരവലോകനം ചെയ്യുമ്പോൾ രണ്ടുപ്രശ്നങ്ങളാണ് ഉയർന്നുവന്നിരിക്കുന്നത്. ഈ കരാറിന്റെ ഭാഗമായല്ലാതെയുള്ള ഇടമലയാറിന്റെ കൈവഴിയായി ആനമലയാറിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

2.5 ടി.എം.സി. വെള്ളംകൂടി വിട്ടുകൊടുക്കാൻ പോകുന്നു. അത് പുതിയ ഈ വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നു എന്നാണ് ആക്ഷേപം. മറ്റൊന്ന്, കരാർ ലംഘനങ്ങൾക്കുള്ള നഷ്ടപരിഹാരം ഈടാക്കാനുള്ള യാതൊരു ചർച്ചയും നടക്കുന്നില്ല എന്നുള്ളതാണ്. 1988 മുതൽ നടന്നുകൊണ്ടിരിക്കുന്ന ചർച്ചയുടെ കാര്യങ്ങളൊന്നും നമുക്ക് അറിയില്ലെങ്കിലും ഇതുസംബന്ധിച്ചുള്ള എന്തെങ്കിലും വ്യവസ്ഥ ഉൾപ്പെടുത്താൻവേണ്ടി ഗവൺമെന്റ് പ്രത്യേകമായി നിഷ്ക്കർഷ പുലർത്തുമോ?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ കരാറിൽ ആദ്യം പറ്റിയ അബദ്ധം എന്നു പറയുന്നത് കരാർ ലംഘനം നടത്തിയാൽ അതിനൊരു കോമ്പൻസേറ്ററി പ്രൊവിഷനില്ലായിരുന്നു എന്നുള്ളതാണ്. അത് വേണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മൾ ആ സ്റ്റാൻഡിൽ നിന്ന് പുറകോട്ട് പോയിട്ടില്ല. നമ്മൾ അത് ഇൻസിസ്റ്റു ചെയ്യുകയാണ്. തമിഴ്നാട് അതിന് willingness പറഞ്ഞിട്ടില്ല. ഒന്നാമത്തെ ഡിമാന്റായിട്ടുതന്നെ ഇത് പറഞ്ഞിട്ടുണ്ട്. രണ്ടാമത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞ ഒരു വിഷയം എന്നുപറയുന്നത് 2.5 ടി.എം.സി. വെള്ളം തമിഴ്നാടിന് കൊടുക്കാൻവേണ്ടി ഗവൺമെന്റ് തീരുമാനിച്ചു എന്നാണ്. അത് ശരിയല്ല. 1970-ലെ കരാറനുസരിച്ച് ഇപ്പോൾ നമുക്ക് ഇടമലയാർ പ്രോജക്ടിലേക്ക് കിട്ടിക്കൊണ്ടിരിക്കുന്ന 2.5 ടി.എം.സി. വെള്ളം ഇടമലയാർ പ്രോജക്ട് പൂർത്തിയാകുമ്പോൾ തമിഴ്നാടിനർഹതപ്പെട്ടതാണെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. അപ്പോൾ ഈ ഇടമലയാർ പ്രോജക്ട് ഏതാണ്, എന്താണെന്നുള്ളത് വരുന്നു. പവർ സെക്ഷൻ മാത്രമാണെന്നാണ് തമിഴ്നാട് പറയുന്നത്. എന്നാൽ നമ്മൾ പറഞ്ഞത് അങ്ങനെയല്ല, അതിനകത്ത് ഇറിഗേഷന്റെ ഭാഗംകൂടിയുണ്ട്. അതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായാൽ മാത്രമേ ഈ 2.5 ടി.എം.സി. വെള്ളത്തെ സംബന്ധിച്ചുള്ള തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഈ പ്രോജക്ട് കംപ്ലീറ്റാകുമ്പോൾ 2.5 ടി.എം.സി. വെള്ളം വിട്ടുകൊടുക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. ഇടമലയാർ നദിയെ തമിഴ്നാട് 'ഇറ്റലിയാർ' എന്നാണ് പറയുന്നത്. അത് തമിഴ്നാട്ടിൽ നിന്ന് ഉത്ഭവിച്ച് കേരളത്തിലേക്ക് വരുന്നതാണ്. ഈ നദിയിൽ ആനമലയാർ വന്നുചേരുന്ന സ്ഥാനത്ത് പവറിന്റെ കാര്യത്തിനുവേണ്ടി ഒരു ചെറിയ ഡാം കെട്ടാനും അതിനുശേഷം അതിന്റെ കുറച്ചുകൂടി downstream-ൽ ആയിട്ട് മണലിയാർ വന്നു ജോയിൻ ചെയ്യുന്നിടത്ത് വേറൊരു ഡാമും കൂടി കെട്ടി അവിടെയാണ് പവർ ജനറേറ്റു ചെയ്യുക. അവിടെ submergible area-യും മറ്റു കാര്യങ്ങളുമൊക്കെ വരും. എന്നിട്ട് ഈ ആനമലയാർ വന്നു ചേരുന്ന സ്ഥാനത്ത് കെട്ടുന്ന ഡാമിൽ നിന്ന് നാലു കി.മീറ്റർ ടണലടിച്ച് ലോവർ നീരാറിലേക്ക് ഈ വെള്ളം കൊടുക്കുക. പി.എ.പി. സിസ്റ്റത്തിൽ 2.5 ടി.എം.സി. വെള്ളം അവർക്ക് വിട്ടു കൊടുക്കുന്ന സാഹചര്യം വരുമ്പോൾ, അതുമെഷർ ചെയ്തുകൊടുക്കാനുള്ള സംവിധാനത്തെ കുറിച്ചാണ് നമ്മൾ ആലോചിക്കുന്നത്. 2.5 ടി.എം.സി. ജലം കൊടുക്കാതിരിക്കാൻ നമുക്ക് നിവൃത്തിയില്ല. കാരണം 1970-ലെ കരാറാണ്. ഇടമലയാർ പ്രോജക്ട് എപ്പോൾ പൂർത്തിയാകുന്നു എന്നുള്ളതാണ് ഇപ്പോഴത്തെ തർക്കവിഷയം. അതിനെ സംബന്ധിച്ചുള്ള ചർച്ചകൾ ഇപ്പോൾ നടക്കുന്നുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റുവരുന്ന സമയത്ത്, സ്റ്റേറ്റിന്റെ ഇന്ററസ്റ്റ് ഇക്കാര്യത്തിൽ എങ്ങനെ പരിരക്ഷിക്കാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഇടമലയാർ പ്രോജക്ട് പൂർത്തിയാകുമ്പോൾ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന 2.5 ടി.എം.സി. ഫീറ്റ് വെള്ളം നമ്മൾ തമിഴ്നാടിന് കൊടുക്കണം. അതാണ് കരാറിൽ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: പറമ്പിക്കുളം കേരളത്തിൽ, ആളിയാർ തമിഴ്നാട്ടിൽ. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ സമൃദ്ധിയായി വെള്ളമുണ്ട്. ആളിയാർ ഉണക്ക ഡാം. ഇതിൽ കരാർ ഉണ്ടാക്കിയ കാലത്തുതന്നെ 16.5 ടി.എം.സി.-യിൽ കൂടുതൽ വെള്ളം സ്രോതസ്സായി കിട്ടുമെങ്കിൽ നമുക്ക് അധിക വെള്ളം തരാമെന്നു കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇന്നുവരെ അത് മെഷർ ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വെള്ളം ഇല്ലാഞ്ഞിട്ടല്ല; അതിന്റെ സ്രോതസ്സ് തിരിച്ചുവിട്ടതുകൊണ്ടാണ്. അതുപോലെ നിലവിലുള്ള കരാറിൽ 7.25 ടി.എം.സി. ഫീറ്റ് വെള്ളം നമുക്ക് തരേണ്ടതാണ്; അതു തരുന്നില്ല. ഈയടുത്ത ദിവസങ്ങളിൽ മന്ത്രിമാർ തമ്മിൽ നടത്തിയ കരാർ അനുസരിച്ച് ഇന്നത്തെ വരൾച്ചയ്ക്ക് പരിഹാരമായി തരാമെന്നുപറഞ്ഞ വെള്ളവും നമുക്ക് തരുന്നില്ല. ഈ അവസ്ഥയിൽ ബഹുമാനപ്പെട്ട മന്ത്രി തമിഴ്നാട് തരേണ്ടുന്ന വെള്ളം അവരുടെ ഔദാര്യമല്ല. റൈറ്റാണെന്നു ധീരതയോടെ പറഞ്ഞതിൽ അഭിനന്ദനമുണ്ട്. പക്ഷേ ഇതു ലഭിക്കുന്നതിന് ശിരുവാണി വെള്ളം ഒന്നു നിയന്ത്രിക്കുക മാത്രമേ ഇപ്പോൾ കരണീയമായിട്ടുള്ളൂ. ആ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പറമ്പിക്കുളം-ആളിയാർ പ്രോജക്ടിന്റെ കരാർ ഒപ്പുവച്ച സമയത്ത് നമുക്ക് ബേസിക്കായി കുറച്ചുഡേറ്റാസ് ഉണ്ടായിരുന്നു. ആ ഡേറ്റാസെല്ലാം തന്നെ പഴയ മലബാറിന്റെ ഭാഗത്തുള്ള തമിഴ്നാട്ടിൽ നിന്ന് നമുക്ക് കളക്ടുചെയ്യാൻ കഴിഞ്ഞതാണ്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്ന് 19 ടി.എം.സി. ഫീറ്റ് വെള്ളം കിട്ടുമെന്നാണ് നമ്മൾ കണക്കാക്കിയിരുന്നത്. അങ്ങനെ 19 ടി.എം.സി. ഫീറ്റ് വെള്ളം വരുമ്പോഴാണ് 16.5 ടി.എം.സി. ഫീറ്റ് വെള്ളം കഴിഞ്ഞിട്ടുള്ള 2.5 ടി.എം.സി. ഫീറ്റ് വെള്ളം ചിറ്റൂർ പുഴയ്ക്ക് അഡീഷണലായിട്ട് കിട്ടാനും അതിനുമുകളിൽ വരുന്നത് ചാലക്കുടി ബേസിനിലേക്ക് കിട്ടാനുമുള്ള തീരുമാനമെടുത്തത്. ഈ guaging നടക്കില്ല, ഇതിനു കണക്കില്ല എന്നു ശ്രീ. കെ. എ. ചന്ദ്രൻ പറഞ്ഞതു ശരിയല്ല. കാരണം ഞാനിവിടെ പറഞ്ഞല്ലോ? 10.135 ടി.എം.സി. ഫീറ്റ് വെള്ളമാണ് നമുക്ക് പറമ്പിക്കുളം ഗ്രൂപ്പ് ഡാമികളിൽ നിന്ന് കഴിഞ്ഞ 30 വർഷമായി ലഭ്യമായിട്ടുള്ളത്. ഇതിനിടയിൽ രണ്ടു വർഷം മാത്രമാണ് ഇതിൽ നിന്നും വ്യത്യസ്തമായി വെള്ളം കിട്ടിയിട്ടുള്ളത്. അത് നമുക്ക് കൃത്യമായിട്ട് മെഷർ ചെയ്യാൻ കഴിയുന്നുണ്ട്. 10.135 ടി.എം.സി. ഫീറ്റ് വെള്ളമാണ് അവിടെ കഴിഞ്ഞ 30 വർഷമായി ലഭ്യമായതെന്ന് തമിഴ്നാടും സമ്മതിക്കുന്നുണ്ട്. ഈ ഡേറ്റാസിനെ സംബന്ധിച്ച് കുറെ തർക്കങ്ങളൊക്കെ വന്നു ഷോളയാറിനെ സംബന്ധിച്ചും തർക്കങ്ങൾ വന്നു. ഇലക്ട്രിസിറ്റി ബോർഡിലെ രണ്ടു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയും അവരുടെ കമ്മിറ്റിയും കൂടിയിരുന്ന് കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. എത്ര നഷ്ടം ഇതുവഴി നമുക്കുണ്ടായിട്ടുണ്ട്, എത്ര മില്യൺ യൂണിറ്റ് നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയാതെ വന്നു, അതിന് എത്ര കോടി രൂപയുടെ നഷ്ടം നമുക്കുവന്നു ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ഇപ്പോൾ അസ്സസ് ചെയ്തുകൊണ്ടിരിക്കുകയാണ്. കിട്ടുന്നില്ല എന്നു പറയുന്നത് ശരിയല്ല. മെഷർ ചെയ്യുന്നുണ്ട്. അതിനെക്കുറിച്ച് വ്യക്തമായ കണക്ക് നമുക്കുണ്ട്. ആ കണക്കിന്റെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ കൃത്യമായി അതിന്റെ വിവരങ്ങൾ പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ വളരെ വിശദമായി പഴയ കരാറിന്റെ വ്യവസ്ഥകളൊക്കെ പറഞ്ഞെങ്കിലും ഞങ്ങൾക്ക് കിട്ടിയ പല രേഖകളും അനുസരിച്ച്, വ്യക്തമായി ആധികാരികമായി കാര്യങ്ങൾ പഠിച്ച പല വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നുമായിട്ട് ലഭിച്ച കണക്കനുസരിച്ച് ആനമലയാറിന്റെ കാര്യത്തിൽ,

1970-ലെ കരാറിൽ അങ്ങനെയൊരു വ്യവസ്ഥയില്ലെന്നാണ് അറിഞ്ഞത്. അത് ഒന്നുകൂടി വ്യക്തമാക്കിയാൽ നന്നായിരിക്കും. ഭാരതപ്പുഴ, പെരിയാർ, ചാലക്കുടിപ്പുഴ ഈ മൂന്നു നദികളുമായി ബന്ധപ്പെട്ട പ്രദേശങ്ങളടങ്ങിയ മൂന്നു ജില്ലകളിലെ കുടിവെള്ളം, ജലസേചനം, കൃഷി എല്ലാം തകരാറിലാകുമെന്നുള്ള ജനങ്ങളുടെ ആശങ്കയും ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ചർച്ചകളിൽ തന്നെ ഉയർന്നുവന്നിട്ടുണ്ട്. മാർച്ചിൽ മുഖ്യമന്ത്രിമാർ കരാർ ഒപ്പിടുമെന്ന് പറയുന്നതുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്ക് പറയുവാനുള്ളത് കേൾക്കണ്ടേ? പ്രത്യേകിച്ച് ആ പ്രദേശങ്ങളുമായി ബന്ധപ്പെട്ടുവരുന്ന ജനപ്രതിനിധികൾ പറയുന്നത് കേൾക്കണ്ടേ? ചാലക്കുടിപുഴ സംരക്ഷണസമിതിക്കാരും പ്രൊഫ. സാവിത്രിലക്ഷ്മണനുമൊക്കെ വളരെ വിശദമായി പറഞ്ഞു. അവരൊക്കെ വളരെ ആധികാരികമായി പഠിച്ചിട്ടുള്ള ആളുകളാണ്. ഡോ. ഉണ്ണികൃഷ്ണനെപ്പോലെ വളരെ പ്രശസ്തരായ വ്യക്തികളുണ്ട്. അവരുമായി ബന്ധപ്പെട്ട് ചർച്ച നടത്താനും ജനപ്രതിനിധികളുടെ അഭിപ്രായം കേൾക്കാനും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൂടി പരിഗണിച്ചുവേണ്ടേ ഫൈനൽ സപ്ലിമെന്ററി ഒപ്പിടാൻ; അതിനുഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ആരുടെ അഭിപ്രായം കേൾക്കാനും ഗവൺമെന്റിനു വിരോധമില്ല. ആരുടെയും അഭിപ്രായം കേൾക്കാം. ഇത് ഭരണകക്ഷിയുടെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമല്ല. നമ്മുടെ സ്റ്റേറ്റിന്റെ പ്രശ്നമല്ലേ? അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു. കഴിഞ്ഞ അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ പലരും തെളിവുതന്നിട്ടുണ്ട്. അവർ പറഞ്ഞ ആ ഡീറ്റെയിൽസെല്ലാം ഞങ്ങൾ പരിശോധിച്ചിട്ടുണ്ട്. നിയമസഭാ കമ്മിറ്റിയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അഡ്ഹോക്ക് കമ്മിറ്റി അന്നുണ്ടാക്കിയത്. ആ കമ്മിറ്റിയുടെ വിശദമായിട്ടുള്ള പരിശോധനയ്ക്ക് വിധേയമായതാണ് ഈ പ്രോജക്ട്. പിന്നെ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ ഒരു കാര്യം ശരിയല്ല. 1970-ൽ വച്ച കരാറിൽ ആനമലയാറിനെ സംബന്ധിച്ച് വ്യവസ്ഥയില്ലെന്നു പറഞ്ഞതുശരിയല്ല. അങ്ങ് രണ്ടു സെന്റൻസ് വായിക്കാൻ എനിക്കു അനുവാദം തരണം. ഷെഡ്യൂൾ (2)-ൽ പെരിയാർ ബേസിനിൽ ആനമലയാറിനെ സംബന്ധിച്ചു പറയുന്നത് ഇങ്ങനെയാണ്. 2.5 TMC feet of water may be diverted every year by Tamil Nadu from Anamalayar for use in the Parambikulam-Aaliyar Project System. This however will be done after the construction of the Edamalayar Project is completed by the Government of Kerala. Details regarding the diversion of water by Tamil Nadu will be settled separately between these two Governments and a supplementary agreement executed. Kerala will undertake projects in the Periyar System without reference to Tamil Nadu, without affecting in any manner the irrigation rights of Tamil Nadu in respect of Periyar Reservoir covered by the Periyar Lease Deed 1886. ഷെഡ്യൂൾ (2)-ൽ വളരെ സ്പെസിഫിക്കായിട്ട് പറഞ്ഞിരിക്കുന്നതാണ്. പിന്നെ ഇതില്ലെന്നു വാർത്താമാദ്ധ്യമങ്ങളോ വിദഗ്ദ്ധരോ പറഞ്ഞു എന്നുപറഞ്ഞാൽ എന്താണ് ചെയ്യുക? ഇത് എഴുതി ഒപ്പിട്ടിരിക്കുന്ന ഒരു കരാറാണ്.

ശ്രീ. എ. എൻ. രാജൻബാബു: 1970-ലെ എഗ്രിമെന്റിന്റെ കാലാവധി 1988-ൽ പൂർത്തിയാകുകയും 16 വർഷം കഴിഞ്ഞിട്ടും പത്തു ചർച്ചകൾ നടന്നിട്ടും ഇതുവരേയും ഒരു എഗ്രിമെന്റിലേക്ക് എത്താൻ സാധിച്ചിട്ടില്ല. മുഖ്യമന്ത്രിതലത്തിൽപ്പോലും ഈ 16 കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

ഒരു ചുരുങ്ങിയ കാലഘട്ടമല്ല. അതുകൊണ്ട് ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ 262-ാം വകുപ്പു പ്രകാരം നിയമത്തിന്റെ അടിസ്ഥാനത്തിലും സുപ്രീംകോടതിയിലെ ജഡ്ജിമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ആർബിട്രേഷൻ മുഖേനയും ഇതൊരു പെർമനന്റ് പ്രോബ്ലമായതുകൊണ്ട് അതിനുള്ള നടപടി ഭരണഘടന പ്രൊവൈഡു ചെയ്യുന്ന രീതിയിൽ സ്വീകരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം പറഞ്ഞ ഭരണഘടനാ പ്രൊവിഷന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നടപടികൾ ആവശ്യമില്ല. 16 വർഷമായിട്ടും ഇതു തീർന്നില്ല എന്നു പറയുന്നതിനെ സംബന്ധിച്ച് എന്താണ് പറയേണ്ടത്? 16 വർഷവും ഒരുപാടു ചർച്ചകൾ നടന്നു. ഇപ്പോൾ ഏകദേശം ഒരു ധാരണയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ആ ധാരണ എന്താണെന്നു നോക്കാം. മുഖ്യമന്ത്രിതലത്തിൽ മാത്രം ചർച്ച ചെയ്താൽ നടക്കുമോ? മുഖ്യമന്ത്രിമാർ ഇരിക്കുന്നതിനുമുമ്പ് അതിനുള്ള ഒരു ബെയ്സ് ഒരുക്കണ്ടേ? അതാണ് ഇപ്പോൾ ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. വളരെ കാര്യമായ എഫർട്ട് ഞങ്ങൾ എടുത്തിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചുപറഞ്ഞാൽ ഒരു കാലത്ത് വെള്ളം സുലഭമാണെന്നുപറഞ്ഞാണ് പെരിയാർ കരാറും പറമ്പിക്കുളം-ആളിയാർ കരാറും ശിരുവാണി പ്രോജക്ട് കരാറും നമ്മളുണ്ടാക്കിയത്. എല്ലാ കരാറുകളും കേരളത്തിനു ദോഷകരമായിരുന്നു എന്ന് നമുക്ക് അനുഭവത്തിൽ നിന്ന് ബോദ്ധ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കരാർ പുനരവലോകനം ചെയ്യേണ്ടതാണ്. പി. എ. പി. പുനരവലോകനം ചെയ്യേണ്ടതാണ്. അതുപോലെതന്നെ മുല്ലപ്പെരിയാർ കരാറിന് എന്തെങ്കിലും പരിഹാരം ഉണ്ടാക്കേണ്ടതാണ്. ശിരുവാണി കരാർ 1973-ലാണ് നിലവിൽ വന്നത്. നമ്മൾ ചെയ്തുകൂട്ടിയ അബദ്ധങ്ങൾ എങ്ങനെ തിരുത്താൻ കഴിയുമെന്ന് നമുക്കാലോചിക്കാം. അന്നത്തെ ചർച്ചകളിൽ പങ്കെടുത്തവർ ചെറിയ ആളുകളൊന്നുമല്ലല്ലോ? വലിയ വലിയ ആളുകളല്ലേ ഈ ചർച്ചയിൽ പങ്കെടുത്തതും കരാറിൽ ഒപ്പിട്ടതും. ഇന്ന് ഇതിനൊരു പരിഹാരമുണ്ടാക്കാനുള്ള ആത്മാർത്ഥമായ ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ഗ്രാമപഞ്ചായത്തുകളിലെ പദ്ധതിരേഖകൾ അംഗീകരിക്കേണ്ട ടെക്നിക്കൽ കമ്മിറ്റി

*3 [152] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ പദ്ധതിരേഖകൾ സമർപ്പിക്കുമ്പോൾ അതു സഹിതമുള്ള എസ്റ്റിമേറ്റ് അംഗീകരിക്കേണ്ടത് ഏത് തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയാണെന്ന് അറിയിക്കാമോ;

(ബി) ഒരു ടെക്നിക്കൽ കമ്മിറ്റിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കമ്മിറ്റി യോഗം കൂടാതിരുന്നതുകൊണ്ട് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി സമയത്തിന് അംഗീകരിക്കാനും നടപ്പാക്കാനും കഴിയാതെ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly